LIBRARY ARCHIVES Kerala Legislative Assembly

നബാർഡ് പദ്ധതികൾ

1. കൊല്ലം ജില്ലയിലെ മേലില ഗ്രാമ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 1040.10 ലക്ഷം രൂപ അടങ്കൽ തുകയുടെ പ്രവൃത്തി. 2022 ഡിസംബറോടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. ഇടുക്കി ജില്ലയിലെ മുട്ടം, കരിംകുന്നം, കുടയത്തൂർ (ഭാഗികം) പഞ്ചായത്തുകൾക്ക് 6114 ലക്ഷം രൂപ ഫേസ് 1 പ്രവൃത്തി. 2023 മാർച്ചിന് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് ഭരണാനുമതി നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി ജലനിധി പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനുവേണ്ടി Sustainability Support to Community Managed Water Supply Scheme-ൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി 2021-22-ൽ നൽകിയിട്ടുണ്ട്.

നെയ്തകുടി സ്കീമിസ്

149(5596) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തകുടി സ്കീമിസ് എന്ന പ്രവൃത്തിക്ക് 2020-21 ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തകുടി സ്കീമിസ് എന്ന പ്രവൃത്തിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം- 2-ൽ പ്രവൃത്തിയുടെ ക്രമനമ്പർ 2195 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയായ 300 ലക്ഷം രൂപയുടെ 20 ശതമാനം തുകയായ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തുകയും പുതുക്കിയ ഡിസൈൻ പ്രകാരം പദ്ധതി പൂർണ്ണമായും പ്രാവർത്തികമാക്കാൻ ആവശ്യമായ തുകയും ഉൾപ്പെടെ ടി പ്രവൃത്തിക്ക് 10 കോടി രൂപ ആവശ്യമായി വരും. അധിക തുകയായ 7 കോടി രൂപ വകയിരുത്തുന്നതിനും എസ്റ്റിമേറ്റ് തുകയായ 10 കോടി രൂപയുടെ 20%-ൽ കുറയാതെയുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുമായി ടി പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി

150(5597) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലകടവ് പാലത്തിന് കിഴക്ക് ഭാഗത്ത് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിന്റെ മുൻവശത്ത് അച്ചൻ കോവിലാറിന്റെ തീരം തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരയിലെ റോഡ് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത 500 മീറ്റർ പ്രദേശത്ത് അച്ചൻകോവിലാറിന്റെ തീരം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കടവ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കായലുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ

151(5598) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി " സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland